**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 824 **25.01.2018** -ലെ മറുപടിക്ക്

<u>കൾവെർട്ടിന് അപ്രോച്ച് റോഡ്</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പരുത്തിത്തറ കോളനിയിൽ പണിതിട്ടുള്ള കൾവർട്ടിന് അപ്രോച്ച് റോഡ് പണിയാത്തതുമൂലം കോളനിനിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | കൊച്ചി കോർപ്പറേഷന്റെ പട്ടികജാതി ഉപപദ്ധതിയിലാണ് കൾവർട്ടിന്റെ പ്രവൃത്തി ഉൾപ്പെടുത്തിയത്. കൾവർട്ട് നിർമ്മാണം മാത്രമേ 2016-17 പദ്ധതിയിൽ കോർപ്പറേഷൻ ഉൾപ്പെടുത്തിയിരുന്നുള്ളൂ. ആയതിന് ഫീസിബിലിറ്റി നൽകുകയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. മാത്രവുമല്ല, അപ്രോച്ച് റോഡ് പണിയുന്നതിന് വർക്കിംഗ് ഗ്രൂപ്പിലോ വികസന സമിതി സെമിനാറിലോ ആരും ആവശ്യപ്പെട്ടിരുന്നില്ല. ആയതിനാൽ മറ്റ് ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടില്ല. |
| (ബി) | കൾവെർട്ടിന് അപ്രോച്ച് റോഡ് പണിയാത്തതിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ റോഡ് നിർമ്മാണത്തിനുള്ള പദ്ധതി കോർപ്പറേഷന്റെ ഉപപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ